# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

**(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)**

## ഭാഗം 2/6

ഭാഗം ഒന്നിനുള്ള ലിങ്ക്:

http://emalayalee.com/varthaFull.php?newsId=160052

## 3

ചിലനേരം, പരാജയം പകരുന്ന നിരാശാഭാവം തോൽപ്പിക്കാൻ അനുവദിക്കാതെ, സുദൃഢചിത്തനായി ഞാൻ മാറും. എന്തും പടവെട്ടിപ്പിടിക്കാനുള്ള ആത്മവീര്യത്തിന്റെ വെല്ലുവിളിയുടെ സ്വരം ശ്രവിക്കും. അപ്പോൾ ഞാൻ എന്റെ മൂന്നാമത്തെ ഭാര്യയുടെ സാമിപ്യം കൊതിക്കും – അവൾ ഒരിക്കലും എന്റെ മനോവീര്യം കെടുത്തില്ലെന്ന് എനിക്കറിയാം. ഞാൻ അവളുടെ മുറിയിൽ പ്രവേശിക്കുമ്പോൾ, പുസ്തകവായനയിൽ ശ്രദ്ധചെലുത്തുന്ന പുരികച്ചുളിവിൽ അവൾ കിടക്കുകയായിരിക്കും. തലയുയർത്താതെ, വിരൽ വടിപോലെ ഉയർത്തി, തന്നെ ഇപ്പോൾ ശല്യപ്പെടുത്തരുതേയെന്ന് അടയാള ഭാഷണം നടത്തും. തുടർവായനയുടെ അഗാധത മൂലമുള്ള പിരിമുറുക്കം അവളുടെ ശരീരത്തിൽ കാണാം. കുറെ നേരം കഴിഞ്ഞ്, പുസ്തകം നെഞ്ചിൽ വെച്ച്, നെറ്റി ചുളിച്ച്, കണ്ണുയർത്തി എന്നെ നോക്കും. ഇത്രയും കാലം അവളെ അവഗണിച്ചതിനെ എന്നെ കുറ്റപ്പെടുത്തും. ഞാൻ എന്നെ പ്രതിരോധിക്കാൻ തുടങ്ങുമ്പോഴേക്കും അവൾ പരാതിപ്പട്ടിക തുറക്കും: പുതിയ തൂപ്പുകാരി ഒരു നീല വൈൻ ഗ്ലാസ് പൊട്ടിച്ചെന്ന്; റെഫ്രിജിറേറ്ററിലെ കഷണിച്ച ടർക്കിയിറച്ചി കഴിഞ്ഞിരിക്കുന്നു, പോർക്കിറച്ചി മാത്രമേയുള്ളൂ; ലിനൻ ക്ലോസെറ്റിന്റെ വാതിൽ ശരിക്കടയുന്നില്ലെന്ന്. എല്ലാം വേഗം ശരിയാക്കാമെന്ന് ഞാൻ ഉറപ്പു കൊടുക്കുന്നു – വേണമെങ്കിൽ ഇപ്പോൾ തന്നെ, അത്യാവശ്യമെങ്കിൽ ആ നിമിഷം! മറുപടിയായി അവളുടെ കണ്ണുകൾ സാവധാനം അലക്ഷ്യമായി ഉരുളാൻ തുടങ്ങും. എതോ വിളി കേട്ടപോലെ അവൾ പറയും: ഷർട്ടിന്റെ

കോളർ ഇങ്ങനെ ഇട്ടിട്ടാണോ ഇന്ന് ജോലിക്കു പോയത്?  ചപ്രത്തല കണ്ണാടിയിൽ ഒന്നു നോക്കിക്കൂടെ? അവളുടെ തല ചൊരുക്കുന്നെന്ന്; അലർജി മൂലം അവൾ ചാവുകയാണെന്ന്; അവളുടെ സയനസ് ഗ്രന്ഥി ചീർത്തിരിക്കുകയാണെന്ന്; മുറിയിൽ വായുവില്ലാതെ ശ്വാസം മുട്ടുന്നു; ജനൽപാളികൾ നീക്കാനാവാതെ വീണ്ടും മുറുകിയിരിക്കുന്നു. ഞാൻ വേഗം തന്നെ അനായാസം അത് ഉയർത്തിക്കൊടുക്കുന്നു. എന്നെ നോക്കി, തന്നെ തോൽപ്പിച്ച ഭാവമുണ്ടല്ലോയെന്ന് അവൾ അപ്പോൾ ചോദിക്കുന്നു. അവളുടെ കയ്യിലെ കാശൊക്കെ കഴിഞ്ഞിരിക്കുന്നു; അവളുടെ ബ്ലോ-ഡ്രെയർ പ്രവർത്തിക്കുന്നില്ലെന്ന്; കോഫി-മെയ്ക്കറിന്റെ സ്വിച്ചിന് എന്തോ കേടുണ്ടെന്ന്; അവളുടെ അരികെ വളരെ സൂക്ഷിച്ച് പതുക്കെ ഇരിയ്ക്കാൻ തുടങ്ങുമ്പോൾ സമയം എത്രയായെന്ന് അറിയാമോ എന്ന് ചോദിച്ച് അവൾ ചാടിയെഴുന്നേൽക്കുന്നു.  പോരാത്തതിന് അവൾക്ക് നല്ല സുഖം തോന്നുന്നില്ലെന്ന്; അവൾക്ക് ശ്വാസം മുട്ടുന്നെന്ന്, ജനൽ തുറന്നിട്ടുപോലും മുറിയിൽ വായു പ്രവാഹമില്ലെന്ന്; അവൾക്ക് ഒരു ഡീഹ്യുമിഡിഫൈയർ വേണമെന്ന്, എന്താണ് അവൾക്ക് മാത്രം ഒരു ഡീഹ്യുമിഡിഫൈയർ ഇല്ലാത്തത്; ഒരു ഡീഹ്യുമിഡിഫൈയർ ഉണ്ടായിരുന്നെങ്കിൽ എല്ലാം ശരിയായേനെ. ഞാൻ കൈ നീട്ടി അവളുടെ കൈത്തണ്ട തടവുന്നു. അപ്പോൾ അവൾ, ആ ബ്ലൌസ് അവൾക്ക് ഇഷ്ടമേയല്ലെന്ന് പറഞ്ഞ് അത് ആ കാലാവസ്ഥയിൽ ഒട്ടിക്കിടക്കുന്നെന്ന് പരാതിപ്പെട്ടു. പതുക്കെ അവളെ സൂക്ഷിച്ചു നിരീക്ഷിച്ചുകൊണ്ട് ഞാൻ ഷർട്ടഴിക്കാൻ തുടങ്ങുന്നു. ഇപ്പോൾ അവൾക്ക് ഒരു താൽപ്പര്യവും തോന്നുന്നില്ലെന്ന്, കൂടാതെ ഞാൻ അവളെ ഓർക്കുന്നതേയില്ലെന്ന്; ഞാൻ എന്നെ മാത്രമാണ് ശ്രദ്ധിക്കുന്നതെന്ന്; എനിക്കവളെ ഇഷ്ടമാണെന്ന് പറഞ്ഞുകേട്ട ഓർമ്മ പോലും തോന്നുന്നില്ലെന്ന്. “ഐ ലവ് യു,” ഞാൻ ഉടനടി പറയുന്നു. അവളുടെ വിരലുകളിൽ കണ്ണും നട്ട് അവൾ പറയുന്നു: "യാതൊരു വിലയും ഇല്ലാത്ത ഇത്തരം രണ്ടു വാക്കുകൾ പറഞ്ഞാൽ നമ്മുടെ പ്രശ്നങ്ങൾക്ക് അത് പരിഹാരമാകുമെന്ന് തോന്നുന്നുണ്ടോ? എന്നോട് മാത്രമേ ഇങ്ങനെയുള്ളൂ!” ബ്ലൌസഴിക്കവേ കയ്യിന്റെ മുകൾ ഭാഗം അവളുടെ ശ്രദ്ധയിൽപ്പെടുന്നു; മാംസം തൂങ്ങിക്കിടക്കുന്നത് കാണുന്നില്ലേ? കൊഴുപ്പു നിറച്ച ഒരു വീപ്പക്കുറ്റിയായി അവൾ മാറുകയാണെന്ന്. അവളുടെ കയ്യിന് ഒരു കുഴപ്പവുമില്ലെന്നും മെലിഞ്ഞവരുടെ കൂട്ടത്തിലേ നിന്നെ കാണാനാവൂ എന്നുമായി ഞാൻ. അമേരിക്കൻ സ്ത്രീകളുടെ ഭക്ഷണക്രമത്തെക്കുറിച്ചും അഭികാമ്യമായ ശരീരവടിവിനെക്കുറിച്ചും ഇത്ര ആധികാരികമായി സംസാരിക്കാനുള്ള അറിവ് എന്നു മുതലാണ് എനിക്കുണ്ടായതെന്ന് അറിയാൻ അവൾക്ക് ആകാംക്ഷയുണ്ടെന്നായി അവൾ. ഞങ്ങൾ വസ്ത്രം അഴിക്കാൻ തുടങ്ങവേ അവൾ കിടക്കയെക്കുറിച്ച് പരാതി തുടങ്ങി; ഒരു ശരാശരി

കിടക്കയായിരിക്കും അതെന്നാണ് അവൾ വിചാരിച്ചിരുന്നത്, അത് പരസ്യത്തിൽ കണ്ടതിനേക്കാൾ എത്രയോ മിനുസമുള്ളതാണ്. അത് അവളുടെ മുതുകൊടിക്കും; നമുക്കത് മടക്കി നല്ലതൊന്ന് പകരം കൊണ്ടുവരാം; അതല്ല, ഞാൻ ഇതിലും നല്ല കിടക്ക അർഹിക്കുന്നില്ലെന്നുണ്ടോ? ഞങ്ങൾ രതിലീലയിൽ ഏർപ്പെടാൻ തുടങ്ങവേ, സ്പ്രിങ്ങുകളുടെ കിരികിരു ശബ്ദം അവൾ ശ്രദ്ധിക്കുന്നു; വീട് അടിച്ചു തുടയ്ക്കാൻ വരുന്ന പെണ്ണ് ഇന്ന് 15 മിനിട്ട് വൈകിയത്രെ; കൌച്ചിന്റെ അരികിലുള്ള ടേബിൾ ലാമ്പിന്റെ അടിഭാഗം തുടയ്ക്കാൻ വിട്ടു പോകുകയും ചെയ്തു. പരിപാടി കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: "നിങ്ങൾ എന്നെ ഒരിടത്തും കൊണ്ടുപോകുന്നില്ല." എന്റെ മറുപടിക്കു കാക്കാതെ, ഇളം കാറ്റിൽ പോലും കുലുങ്ങി ശബ്ദിക്കുന്ന ജനൽച്ചില്ലുകളും വെച്ച് അവൾക്ക് ഉറങ്ങാൻ കഴിയുമെന്ന് ഞാൻ എങ്ങിനെ പ്രതീക്ഷിക്കുന്നെന്നായി അവൾ. ഞാൻ അവൾ പറയുന്നത് കേൾക്കുന്നില്ലായെന്ന്; ഞാൻ ശ്രദ്ധിക്കുന്നില്ലായെന്ന്; സംസാരം മാത്രമേയുള്ളൂ, മറ്റുള്ളോർ പറയുന്നത് ശ്രദ്ധിക്കലില്ല. അവൾക്ക് ഈ മുറിയിൽ ശ്വസിക്കാൻ പോലും ആകുന്നില്ല; ഈ വീട്ടിൽ തിന്നാനും കുടിക്കാനും എന്തെങ്കിലുമുണ്ടോ? അവളുടെ കഴുത്ത് വിങ്ങുന്നു; പുതിയ അടിച്ചു തുടപ്പുകാരിയുടെ നോട്ടം തന്നെ അവൾക്കു പിടിക്കുന്നില്ലെന്ന്. ഇത്രയുമായപ്പോൾ അവളുടെ കണ്ണുകൾ താനേ അടയാൻ തുടങ്ങുന്നു; ഉറക്കത്തിലേക്കു വഴുതുന്ന അവളുടെ കണ്ണുകൾ എന്നെ ഇടയ്ക്ക് തുറിച്ചുനോക്കുന്ന പോലെ. കുറച്ചു നേരം കഴിഞ്ഞപ്പോൾ ഞാൻ ശ്രദ്ധാപൂർവ്വം സാവധാനം എഴുന്നേൽക്കുന്നു; വസ്ത്രങ്ങൾ അണിയുന്നു; ഇത്തരം അനുഷ്ഠാന മുറകൾക്കു ശേഷം ഊർജ്ജസ്വലതയും നവവീര്യവും വീണ്ടെടുക്കുന്ന ഞാൻ പതുക്കെ അവിടെ നിന്നും വിട വാങ്ങുന്നു.

# 4

ഞാനും എന്റെ നാലാമത്തെ ഭാര്യയും തമ്മിൽ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ട്. സത്യത്തിൽ ഇതിലും കൂടുതലായി എന്തു പ്രതീക്ഷിക്കാനാണ്. ഞങ്ങളുടെ പ്രേമജീവിതം പരിപൂർണ്ണതയിൽ എന്നു പറയാൻ എനിക്കു യാതൊരു ശങ്കയുമില്ല. ഒരു പക്ഷേ, ഈ പൂർണ്ണതാഭാവമല്ലേ എന്നെ ആകാംക്ഷാഭരിതനാക്കുന്നത്? ഞാനുമായുള്ള ജീവിതം അവൾക്ക് അത്യാഹ്ലാദം തരുന്നെന്ന് തുറന്നു പ്രഖ്യാപിക്കുമ്പോഴും, എന്നെപ്പോലെ മറ്റൊരാളെ ഇതുവരെ പ്രേമിച്ചിട്ടില്ലെന്ന് ആണയിടുമ്പോഴും എനിക്ക് അഗാധമായ ആഹ്ലാദം അനുഭവപ്പെടുന്നുണ്ടെന്ന് പറയാതെ തരമില്ല.

ചിലപ്പോൾ എനിക്കു തോന്നും: ഇതേ സന്തോഷഭാവം തന്നെയല്ലേ, ഒരു പരിധി വരെ, കാര്യങ്ങളെ വിശദമായി ഗ്രഹിക്കാതെ തീരുമാനങ്ങൾ എടുക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്? എന്നാൽ ഈ സന്തോഷമല്ലേ ഒരളവോളം എന്നിൽ സംതൃപ്തീഭാവം ഉണ്ടാക്കുന്നത്? അതു തന്നെയല്ലേ, പുറംമോടിയുള്ള സ്വയംസാന്ത്വനത്തിന്റെ ദിശയിൽ എന്നെ മുട്ടിയുണർത്തുന്നത്? എന്തൊക്കെ പറഞ്ഞാലും, ഇത്തരം സ്വഭാവവിശേഷമല്ലേ, എന്നോടുള്ള പ്രേമത്തിനു കുറവു വരുത്താനുള്ള സാദ്ധ്യതയ്ക്കു ഹേതുവാകുന്നത്? എന്റെ നാലാമത്തെ ഭാര്യ എന്നിൽനിന്ന് ഒന്നും ഒളിച്ചുവെക്കാറില്ല. അവളുടെ അസ്തിത്വത്തിന്റെ അതിഗോപ്യമായ തരംഗങ്ങൾ പോലും തുറന്ന വിശ്വസ്തതയോടെ വെളിപ്പെടുത്താറുണ്ട്. എനിക്ക് ചിലനേരം തോന്നും: "പ്രേമത്തിന്നിടയിൽ എല്ലാം തുറന്നു കാട്ടുന്ന അവളുടെ രീതി, കാലക്രമേണ ഗൂഢരഹസ്യങ്ങൾ എല്ലാം നഷ്ടപ്പെട്ട് താൽപ്പര്യം നശിക്കാനിടയുള്ള വരുംകാലത്തിന്റെ അപായസൂചനയല്ലേ?" എന്റെ നാലാം ഭാര്യയെപ്പോലെ അഭിലഷണീയയായ ഒരു സ്ത്രീയെ എനിക്ക് സങ്കൽപ്പിക്കാനേയാകില്ല. ഇമവെട്ടാതെ അവളെ എത്ര നേരം വേണമെങ്കിലും നോക്കിക്കൊണ്ടിരിക്കാം. വൈകല്യമില്ലാത്ത അവളുടെ സൌന്ദര്യം ഒരിക്കലും ഊഷ്മളരഹിതമല്ല. എന്നാൽ, എന്തിന്റേയും തീവ്രതയിൽ പതിയിരിക്കുന്ന അപകടം അവളുടെ സൌന്ദര്യത്തിനുമില്ലേ – പ്രകോപിപ്പിക്കുന്ന, നീരസപ്പെടുത്തുന്ന, കോപോദ്ദീപകമായ ഒരു അപകടം. അവളുടെ ബുദ്ധിശക്തി, അവളുടെ ദയാവായ്പ്, എന്തിന് അവളുടെ സന്മനസ്സു പോലും ഇത്തരം ചിന്തയല്ലേ ജനിപ്പിക്കുന്നത്. തെറ്റുകുറ്റങ്ങൾ കണ്ടെത്താനുള്ള പ്രവണത അവൾ ത്വരിപ്പിക്കുന്നു. സംഭ്രാന്തതയുടെയും അനഭിജ്ഞതയുടെയും ആത്മീയപരാജയത്തിന്റെയും നിഗൂഢതയല്ലേ അവളുടെ ആരാധകന്റെ ദാഹമായി മാറുന്നത്. ഞങ്ങളുടെ പ്രേമം പൂർണ്ണമാണ്. ഞാൻ കൂടുതലായി ഒന്നും ആഗ്രഹിക്കുന്നില്ല. പിന്നെന്താണ് എന്റെ ചിന്തകൾ പരിപൂർണ്ണതയിൽ നിന്നും അകലുന്നത്? എന്തുകൊണ്ടാണ് ചിലപ്പോൾ ഞാൻ നീരസത്തോടെ പരാതിപ്പെടുന്നതായും, ഒച്ച വെക്കുന്നതായും, അവൾ എന്റെ ജീവിതം നശിപ്പിക്കുന്നതായും സ്വപ്നം കാണുന്നത്? എന്തിനാണ് തെളിഞ്ഞ കണ്ണുകളുള്ള എന്റെ നാലാമത്തെ ഭാര്യയിൽ നിരാശയുടെയും വേദനയുടെയും ആദ്യനിഴൽ പരത്താൻ ഞാൻ പ്രകോപിപ്പിക്കുന്നത്?

***(Copyright © 2013 by Steven Millhauser; Reprinted by permission of ICM Partners)***

****************************************************************************************************